# മണിയെ മന്ത്രിസഭയിൽ നിന്ന് പുറത്താക്കണം; യെച്ചൂരിക്ക് ചെന്നിത്തലയുടെ കത്ത്

തിരുവനന്തപുരം: അഞ്ചേരി ബേബി വധക്കേസ് പ്രതിയായ എം.എം. മണിയെ മന്ത്രിസഭയിൽ നിന്നും പുറത്താക്കണമെന്ന് ആവശ്യപ്പെട്ട് സി.പി.എം അഖിലേന്ത്യ സെക്രട്ടറി സീതാറാം യെച്ചൂരിക്ക് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല കത്ത് നൽകി. സി.പി.എം കേന്ദ്ര കമ്മിറ്റിയോഗം തിരുവനന്തപുരത്ത് നടക്കുന്ന പശ്ചാത്തലത്തിലാണ് ചെന്നിത്തലയുടെ കത്ത്. മണിയെ മന്ത്രിസ്ഥാനത്ത് നിന്ന് ഒഴിവാക്കണമെന്ന് മുതിർന്ന സി.പി.എം നേതാവ് വി.എസ്. അച്യുതാനന്ദനും ആവശ്യപ്പെട്ടിരുന്നു.

ബേബി വധക്കേസിൽ മണിയുടെ വിടുതൽ ഹർജി തൊടുപുഴ കോടതി തള്ളിയ സാഹചര്യത്തിൽ അദേഹത്തെ മന്ത്രിസ്ഥാനത്ത് നിന്ന് ഒഴിവാക്കാൻ മുഖ്യമന്ത്രി പിണറായി വിജയന് നിർദേശം നൽകണമെന്ന് കത്തിൽ ചെന്നിത്തല ആവശ്യപ്പെട്ടു. ഇത്തരം വിഷയങ്ങളിൽ യെച്ചൂരി ഇതുവരെ സ്വീകരിച്ച നിലപാടിന് വിരുദ്ധമാണ് മണിയെ മന്ത്രിസഭയിൽ നിലനിർത്തുന്നതെന്ന് കത്തിൽ ചെന്നിത്തല ചൂണ്ടിക്കാണിച്ചു.

## ചെക്യാട്ട്കാവ് കവർച്ച: നാലംഗസംഘമെന്ന് സൂചന

മയ്യിൽ: ചെക്യാട്ട് കാവ് ധർമ്മശാസ്താ വിഷ്ണുക്ഷേത്ര കവർച്ചയ്ക്ക് പിറകിൽ കൊളച്ചേരി സ്വദേശി ഉൾപ്പെട്ട നാലംഗ സംഘമാണെന്ന് സൂചന. മിനിഞ്ഞാന്ന് പുലർച്ചെയാണ് ക്ഷേത്രത്തിൽ കവർച്ച നടന്നത്. ഓടിളക്കി അകത്ത് കടന്ന് ശാസ്താക്ഷേത്രത്തിലെ ഓഫീസ് കുത്തിത്തുറന്ന് പണവും വിഷ്ണുക്ഷേത്ര ഭണ്ഡാരങ്ങളുമാണ് കവർന്നത്. സംസ്ഥാനത്ത് ക്ഷേത്രങ്ങളിൽ കവർച്ച പതിവാക്കിയ തെന്നിന്ത്യൻ സംഘമുണ്ട്. അവരെ കേന്ദ്രീകരിച്ചായിരുന്നു അന്വേഷണം. ഈ അന്വേഷണത്തിനിടയിലാണ് കൊളച്ചേരിയിലെ യുവാവ് ഉൾപ്പെട്ട സംഘത്തെ കുറിച്ച് വിവരം ലഭിച്ചത്.

## നികുതി വെട്ടിച്ച് കടത്തിയ റെഡിമെയ്ഡ് വസ്ത്രങ്ങൾ പിടികൂടി

ഇരിട്ടി: നികുതി വെട്ടിച്ച് കാറിൽ കടത്തുകയായിരുന്ന റെഡിമെയ്ഡ് വസ്ത്രങ്ങൾ ഇരിട്ടി എസ്.ഐ കെ. സുധീർ പിടികൂടി. ബംഗ്ളുരുവിൽ നിന്ന് കെ.എൽ. 13 എ.ഡി. 6751 സ്വിഫ്റ്റ് ഡിസയർ കാറിൽ കടത്തുകയായിരുന്ന റെഡിമെയ്ഡ് വസ്ത്രങ്ങളാണ് കൂട്ടുപുഴ ചെക്ക് പോസ്റ്റിൽ വച്ച് പിടികൂടിയത്. കാറോടിച്ച വളപട്ടണം സ്വദേശി അഫ്സലി (38)നെ കസ്റ്റഡിയിലെടുത്തു. കാറും വസ്ത്രങ്ങളും ഉൾപ്പെടെ അഫ്സലിനെ വാണിജ്യനികുതി വകുപ്പിന് കൈമാറി.

## നേതൃത്വം നൽകാൻ സി.പി.എം നേതാക്കളും

# മാസങ്ങളുടെ ഇടവേളക്ക് ശേഷം പരപ്പ മലനിരകളിൽ വീണ്ടും സമര കൊടുങ്കാറ്റ്

ആലക്കോട്: കരിങ്കൽ ക്വാറിക്കെതിരെ അതിരൂക്ഷമായ സമരങ്ങൾ അരങ്ങേറിയ പരപ്പയിൽ മാസങ്ങൾ നീണ്ട ഇടവേളക്ക് ശേഷം വീണ്ടും സമര കൊടുങ്കാറ്റ് ആഞ്ഞുവീശുന്നു. ജനകീയ സമരത്തെയും ഹൈക്കോടതി വിധിയെയും തുടർന്ന് അടച്ചു പൂട്ടിയ പരപ്പ ക്വാറി വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കാൻ നീക്കം നടക്കുന്നതിനെതിരെ നെടുവോട്-പരപ്പ ജനകീയ വികസന സമിതി ഇന്ന് വൈകുന്നേരം നാല് മണിക്ക് മനുഷ്യച്ചങ്ങല സംഘടിപ്പിക്കുന്നതോടെയാണ് പരപ്പ മലനിരകളിൽ വീണ്ടും സമരാഗ്നി അലയടിക്കുന്നത്. ക്വാറി മൂലം ദുരിതം പേറുന്ന നൂറുകണക്കിന് കുടുംബങ്ങളെ മനുഷ്യച്ചങ്ങലയിൽ അണിനിരത്തിക്കൊണ്ടുള്ള സമരമാണ് ജനകീയ സമിതി ആവിഷ്ക്കരിച്ചിരിക്കുന്നത്. സമരത്തിന് നേതൃത്വം നൽകാൻ സി.പി.എമ്മിന്റെ പ്രമുഖ നേതാക്കളും എത്തുന്നുണ്ട്. ജില്ലാ സെക്രട്ടേറിയറ്റ് അംഗം കെ.എം.ജോസഫ്, ജില്ലാ കമ്മിറ്റി അംഗം എം.കരുണാകരൻ, ആലക്കോട് ഏരിയാ സെക്രട്ടറി പി.വി.ബാബുരാജ് തുടങ്ങിയവർ സമരത്തിൽ പങ്കെടുക്കുമെന്ന് സി.പി.എം ആലക്കോട് ഏരിയാ കമ്മിറ്റി അറിയിച്ചു. സമരം സംബന്ധിച്ച് ക്വാറി മാനേജ്മെന്റ് പത്രങ്ങളിൽ നൽകിയ പരസ്യത്തിലെ അവകാശവാദങ്ങൾ അടിസ്ഥാനരഹിതവും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് സി.പി.എം ഏരിയാ കമ്മിറ്റിയും ജനകീയ വികസന സമിതിയും അറിയിച്ചു. ക്വാറി ഒരു കാരണവശാലും തുറന്നു പ്രവർത്തിപ്പിക്കാൻ അനുവദിക്കില്ലെന്ന നിലപാടിൽ ഉറച്ചു നിൽക്കുകയാണെന്നും ജനകീയ സമിതി അറിയിച്ചു. ക്വാറി തുറക്കുന്നതിനുള്ള നീക്കങ്ങളുമായി മാനേജ്മെന്റും ഇതിനെതിരെ ശക്തമായ സമരങ്ങളുമായി ജനകീയ സമിതിയും രംഗത്ത് വന്നതോടെ സങ്കീർണ്ണമായ സ്ഥിതിവിശേഷമാണ് പരപ്പയിൽ ഉടലെടുത്തിരിക്കുന്നത്.

## ടാപ്പിംഗ് തൊഴിലാളിയെയും കുടുംബത്തെയും ആക്രമിച്ചതിന് മൂന്ന് പേർക്കെതിരെ കേസ്

ആലക്കോട്: ടാപ്പിംഗ് തൊഴിലാളിയെയും കുടുംബത്തെയും വീട് കയറി ആക്രമിച്ചുവെന്ന പരാതിയിൽ മൂന്ന് പേർക്കെതിരെ പോലീസ് കേസെടുത്തു. പ്രാപ്പൊയിൽ സ്വദേശിയും ഇപ്പോൾ എരുവാട്ടിയിൽ താമസക്കാരനുമായ ഓലക്കാരൻ പ്രദീപി(33)ന്റെ പരാതിയിൽ സിബി, ജയ്സൺ, ഷൈജു എന്നിവർക്കെതിരെയാണ് കേസ്. കഴിഞ്ഞ ദിവസം രാത്രിയിലാണ് സംഭവം. ചപ്പാരപ്പടവ് സ്വദേശി സൂപ്പി എന്നയാളുടെ റബർ തോട്ടത്തിലെ ടാപ്പിംഗ് തൊഴിലാളിയായിരുന്നു പ്രദീപ്. ജോലിയുമായി ബന്ധപ്പെട്ടുള്ള തർക്കത്തെ തുടർന്ന് പ്രതികൾ സംഘം ചേർന്ന് തന്നെയും ഭാര്യ സുജിത, ഭാര്യ മാതാവ് ലീല എന്നിവരെയും ആക്രമിച്ചുവെന്നാണ് പ്രദീപിന്റെ പരാതി.


നാളെ വിവാഹിതരാകുന്നു
(08–01–2017)





JAMSHEED.K.M
S/o.K.K. Aboobacker & K.M. Nafeesa
Grand S/o. Late. Manatti Mahmood Haji & Late U.M. Hamza Haji
Nelliparamba

MIZNA
D/o.P.P. Muhammed Kunhi & P.V. Zeenath
Pushpagiri

With best compliments from Family & Friends


## കുഞ്ഞിമംഗലത്ത് രണ്ട് വീടുകളിൽ കവർച്ചാശ്രമം

കുഞ്ഞിമംഗലം: കിഴക്കാനിയിൽ രണ്ടുവീടുകളിൽ കവർച്ചാശ്രമം. എ.പവിത്ര, ഇ.വി.ഗോപാലൻ എന്നിവരുടെ വീടിന്റെ വാതിലുകൾ കുത്തിതുറക്കാൻ ശ്രമം നടന്നു. ഇന്നു പുലർച്ചെ മൂന്നുമണിയോടെയാണ് സംഭവം. രണ്ടിടത്തും വീട്ടുകാർ ശബ്ദംകേട്ട് ഉണർന്നതോടെ കവർച്ചക്ക് എത്തിയവർ ഓടിരക്ഷപ്പെട്ടു. പരിസരവാസികൾ തെരച്ചിൽ നടത്തിയെങ്കിലും ആരെയും കണ്ടെത്താനായില്ല.

## ഡോ. ഒ. വി. സനലിനെ ഡെന്റൽ കൗൺസിലിലേക്ക് സർക്കാർ നോമിനേറ്റ് ചെയ്തു



തളിപ്പറമ്പ: ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ മുൻ സംസ്ഥാന സെക്രട്ടറിയായ ഡോ.ഒ.വി.സനലിനെ കേരള ദന്തൽ കൗൺസിലിലേക്ക് സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്തു. തൃച്ചംബരം സ്വദേശിയായ ഡോ.സനൽ തളിപ്പറമ്പ ബാറിലെ അഡ്വ.കെ.ബാലകൃഷ്ണൻ നായരുടെയും പാർവ്വതിയുടെയും മകനാണ്. ഇന്ത്യൻ ഡെന്റൽ അസോസിയേഷന്റെ നോർത്ത് മലബാർ പ്രസിഡണ്ടായും സെക്രട്ടറിയായും പ്രവർത്തിച്ച അദേഹം സംസ്ഥാന വൈസ് പ്രസിഡണ്ടായും സംസ്ഥാന സി.ഡി.ഇ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.


കോൺട്രാക്ടർമാരെ ആവശ്യമുണ്ട്

കരുവഞ്ചാലിൽ പുതിയതായി ആരംഭിക്കുന്ന
വില്ല പ്രൊജക്ടിലേക്ക് സ്ട്രെച്ചർ വർക്ക് ചെയ്യുന്നതിന്
പരിചയ സമ്പന്നരായ കോൺട്രാക്ടർമാരെ ഉടൻ ആവശ്യമുണ്ട്.
മലയോര മേഖലയിലുള്ളവർക്ക് മുൻഗണന.

ബന്ധപ്പെടുക. Mob: 9446474444


## സൗപർണ്ണികാമൃതം സംഗീത പുരസ്കാരം വിദ്യാധരൻ മാസ്റ്റർക്ക്



കണ്ണൂർ: കൊല്ലൂർ മൂകാംബിക സംഗീത ആരാധന സമിതിയുടെ സൗപർണ്ണികാമൃതം സംഗീത പുരസ്കാരം ഇത്തവണ സംഗീതജ്ഞൻ വിദ്യാധരൻ മാസ്റ്റർക്ക്. പത്തിന് മൂകാംബിക ക്ഷേത്രത്തിൽ നടക്കുന്ന ചടങ്ങിൽ ഉപഹാരം സമ്മാനിക്കും. 10001 രൂപയും പ്രശസ്തി പത്രവും ബാബു മാനിച്ചേരി രൂപകൽപ്പന ചെയ്ത ശിൽപ്പവും പൊന്നാടയും അടങ്ങുന്നതാണ് പുരസ്കാരം. കഴിഞ്ഞ തവണ ഇത് ലഭിച്ചത് കൈതപ്രം ദാമോദരൻ നമ്പൂതിരിക്കാണ്. പത്തിന് ഗാനഗന്ധർവ്വൻ യേശുദാസിന്റെ 77–ാം പിറന്നാൾ ദിനത്തിൽ കൊല്ലൂരിൽ കാഞ്ഞങ്ങാട് രാമചന്ദ്രന്റെ നേതൃത്വത്തിൽ സംഗീതാർച്ചനയും ഉണ്ടായിരിക്കും.

വാർത്താസമ്മേളനത്തിൽ കാഞ്ഞങ്ങാട് രാമചന്ദ്രൻ, വി.വി.പ്രഭാകരൻ, പി.സദാനന്ദൻ, സന്തോഷ് കമ്പല്ലൂർ സംബന്ധിച്ചു.

## ഹമീദലി ഷംനാടിന് ആയിരങ്ങളുടെ അന്ത്യാഞ്ജലി

കാസർക്കോട്: ഇന്നലെ വൈകീട്ടോടെ അന്തരിച്ച മുസ്ലിംലീഗിന്റെ തലമുതിർന്ന നേതാവ് ഹമീദലി ഷംനാടി (88)ന് ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ആയിരങ്ങളുടെ അന്ത്യാഞ്ജലി. റെയിൽവെ സ്റ്റേഷന് സമീപത്തെ സീവ്യു വസതിയിൽ പൊതുദർശനത്തിന് വെച്ച മൃതദേഹത്തിൽ അന്ത്യാഞ്ജലി അർപ്പിക്കാൻ മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, കടന്നപ്പള്ളി രാമചന്ദ്രൻ, എം.എൽ.എമാരായ എൻ.എ. നെല്ലിക്കുന്ന്, കെ. കുഞ്ഞിരാമൻ, പി.വി. അബ്ദുറസാഖ്, സി.പി.എം ജില്ലാ സെക്രട്ടറി കെ.പി. സതീഷ്ചന്ദ്രൻ, ബി.ജെ.പി ജില്ലാ പ്രസിഡണ്ട് ശ്രീകാന്ത്, സി.പി.ഐ നേതാവ് ഗോവിന്ദൻ പള്ളിക്കാപ്പിൽ, എം.സി. കമറുദീൻ തുടങ്ങിയവർ എത്തിയിരുന്നു. മുസ്ലിംലീഗ് സംസ്ഥാന നേതാക്കൾ ഉച്ചയോടെ സ്ഥലത്തെത്തും. 12 മണിയോടെ തായലങ്ങാടി ഖിളർ ജുമാമസ്ജിദ് ഖബർസ്ഥാനിൽ ഖബറടക്കും.

## മൂന്നര ലിറ്റർ മദ്യവുമായി അറസ്റ്റിൽ

ആലക്കോട്: അനധികൃതമായി കടത്തുകയായിരുന്ന മൂന്നര ലിറ്റർ വിദേശമദ്യം സഹിതം ആലക്കോട് ടൗണിൽ ചെറുപുഴ കുണ്ടംതടത്തെ കടപ്ലാക്കൽ സജി ആന്റണി (38)യെ ആലക്കോട് എക്സൈസ് അസി. ഇൻസ്പെക്ടർ മധുസൂദനനും സംഘവും അറസ്റ്റ് ചെയ്തു.


സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2670
പവന് : 21360
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237


## വീട്ടമ്മയെ ശല്യം ചെയ്തതായി പരാതി

തളിപ്പറമ്പ: യുവതിയെ നിരന്തരം ശല്യം ചെയ്തതായി പരാതി. പരിയാരം പറോളിയിലെ സാബിറ മുസ്തഫയാണ് പി.എം.സലിമിനെതിരെ തളിപ്പറമ്പ സി.ഐ കെ.ഇ. പ്രേമചന്ദ്രന് പരാതി നൽകിയത്. നേരത്തെ യുവതിയെ ശല്യം ചെയ്തതിന് യുവാവിനെതിരെ പരിയാരം പോലീസിൽ പരാതി നൽകിയിരുന്നു. ഇതേ തുടർന്ന് യുവതിയെ കാണുമ്പോൾ ചീത്ത പറയുകയും മറ്റും പതിവാണത്രെ. ഇന്നലെയും ഇത് ആവർത്തിച്ചതിനെ തുടർന്നാണ് യുവതി സി.ഐയ്ക്ക് പരാതി നൽകിയത്.

## ആറ് ലക്ഷവും 45 പവനും നൽകി

# നവവധുവിനെ സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിച്ചു; ഭർത്താവും ബന്ധുക്കളും കുടുങ്ങി

ആലക്കോട്: കൂടുതൽ സ്ത്രീധനം ആവശ്യപ്പെട്ടും മറ്റുമായി യുവതിയെ പീഡിപ്പിച്ചുവെന്ന പരാതിയിൽ ഭർത്താവിനും ബന്ധുക്കൾക്കുമെതിരെ പോലീസ് കേസെടുത്തു. കൊട്ടയാട്ടെ ആലുങ്കൽ വർഗീസിന്റെ മകൾ ഗ്രീഷ്മ(21)യുടെ പരാതിയിൽ ഭർത്താവ് തേർത്തല്ലി ടൗണിന് സമീപത്തെ അക്കരക്കടുപ്പിൽ അജു (31), ഭർതൃപിതാവ് ജോസ് (62), ഭർതൃമാതാവ് എൽസി (55) എന്നിവർക്കെതിരെയാണ് കേസ്. ഷൊർണ്ണൂർ മലബാർ എഞ്ചിനീയറിംഗ് കോളേജ് അധ്യാപകനായ അജുവും ഗ്രീഷ്മയും 2016 ഒന്നിനാണ് വിവാഹിതരായത്. ആറ് ലക്ഷം രൂപയും 45 പവനും സ്ത്രീധനമായി നൽകിയിരുന്നത്രെ. ഇത് പോരെന്ന് പറഞ്ഞ് നിരന്തരം പീഡിപ്പിക്കുകയും ക്രിസ്തുമസ് ദിനത്തിൽ വീട്ടിൽ പൂട്ടിയിട്ട് മർദിക്കുകയും ചെയ്തുവെന്ന് പരാതിയിൽ പറയുന്നു. വിവരമറിഞ്ഞ് ബന്ധുക്കളെത്തി പോലീസ് സഹായത്തോടെയാണ് ഗ്രീഷ്മയെ ഇവിടെ നിന്ന് രക്ഷപ്പെടുത്തിയത്. തുടർന്ന് കോടതിയിൽ പരാതി നൽകുകയായിരുന്നു.

## ദേശീയ മീറ്റിൽ സ്വർണ്ണം നേടി ആർഷ ബാബു ആലക്കോടിന് അഭിമാനമായി



ആലക്കോട്: പൂനെയിൽ നടക്കുന്ന ദേശീയ സ്കൂൾ മീറ്റിൽ പോൾവാട്ടിൽ സ്വർണ്ണം നേടി ആലക്കോട് സ്വദേശിനി മലയോരത്തിന്റെ അഭിമാനമായി. അരിവിളഞ്ഞപൊയിൽ മണ്ണാത്തിക്കുണ്ടിലെ മര വ്യാപാരി കുടയ്ക്കനാൽ ബാബു-ആൻസി ദമ്പതികളുടെ മകൾ ആർഷയാണ് 3.20 മീറ്റർ ഉയരത്തിൽ ചാടി സ്വർണ്ണം നേടിയത്. പാലക്കാട് കല്ലടി സ്കൂളിൽ പ്ലസ്‌വൺ വിദ്യാർത്ഥിനിയായ ആർഷ മലപ്പുറത്ത് നടന്ന സംസ്ഥാന സ്കൂൾ മീറ്റിൽ വെള്ളി മെഡൽ നേടിയിരുന്നു. രണ്ടുമാസം മുമ്പ് തെലുങ്കാനയിൽ നടന്ന ദേശീയ കായികമേളയിലും വെള്ളി നേടിയ ആർഷ ഈ പ്രകടനം മെച്ചപ്പെടുത്തിയാണ് ദേശീയ മീറ്റിൽ സ്വർണ്ണമണിഞ്ഞത്. പാലായിലെ കെ.പി.സതീഷ്കുമാറാണ് പരിശീലകൻ. മലയോരത്തിന്റെ കരുത്ത് ആവാഹിച്ചുള്ള ആർഷയുടെ സുവർണ്ണനേട്ടം നാടിനെ ഏറെ ആഹ്ലാദത്തിലാഴ്ത്തി. അരിവിളഞ്ഞപൊയിൽ സ്കൂളിലായിരുന്നു ആർഷയുടെ പ്രാഥമിക വിദ്യാഭ്യാസം. ഒമ്പതാം ക്ലാസ് വിദ്യാർത്ഥിനി ഹർഷ, നാലാം ക്ലാസ് വിദ്യാർത്ഥി ഡോൺ എന്നിവർ സഹോദരങ്ങളാണ്.

## ഗൾഫിൽ പാർട്ണർഷിപ്പ് വാഗ്ദാനം നൽകി ലക്ഷങ്ങളുടെ തട്ടിപ്പ്; കണ്ണൂർ സ്വദേശിക്കെതിരെ കേസ്

കണ്ണൂർ: ബിസിനസ് കമ്പനിയിൽ പാർട്ണർഷിപ്പ് നൽകാമെന്ന് വാഗ്ദാനം നൽകി 36 ലക്ഷം രൂപ വാങ്ങി വഞ്ചിച്ചുവെന്ന മലപ്പുറം സ്വദേശിയുടെ പരാതിയിൽ എസ്.പി നിർദേശ പ്രകാരം ടൗൺ പോലീസ് കേസെടുത്തു.

തിരൂർ കണ്ടച്ചേരിയിലെ കായൽ മക്കാപ്പ് ഹൗസിൽ അബ്ദുൾ മജീദ് (41)ആണ് കണ്ണൂർ ഒണ്ടേൻ റോഡിൽ ഫ്ളാറ്റിൽ താമസക്കാരനായ അഷ്റഫിനെതിരെ പരാതി നൽകിയത്. 2016 ഏപ്രിൽ 25നാണ് ജോലി നൽകാമെന്ന ഉറപ്പിൻമേൽ മജീദ്, അഷ്റഫിന് പണം നൽകിയത്. അബുദാബിയിലെ ബിസിനസ് കമ്പനിയിൽ പാർട്ണർ ആക്കാമെന്ന് വാഗ്ദാനം നൽകി ദുബൈയിൽ നിന്ന് രണ്ട് ലക്ഷം ദർഹം മജീദ് നൽകിയിരുന്നുവത്രെ. എന്നാൽ പിന്നീട് അഷ്റഫ് വാഗ്ദാനത്തിൽ നിന്നും പിൻമാറുകയും പണം തിരിച്ചു നൽകാതെ വഞ്ചിച്ചുവെന്നുമാണ് പരാതി.

# ചരമം



### നാരായണൻ നായർ

പഴയങ്ങാടി: കടന്നപ്പള്ളി-പാണപ്പുഴ മുൻ പഞ്ചായത്ത് പ്രസിഡണ്ടും സി.പി.എം മാടായി ഏരിയാ സെക്രട്ടറിയുമായ കെ. പത്മനാഭന്റെ പിതാവ് പാണപ്പുഴയിലെ പനയന്തട്ട നാരായണൻ നായർ (86) നിര്യാതനായി. ഭാര്യ: കുളങ്ങുത്ത് നാരായണിയമ്മ. മറ്റു മക്കൾ: ശാന്ത, പത്മിനി, രമണി, സജിത്ത് (സെക്രട്ടറി പാപ്പിനിശേരി റേഞ്ച് കള്ള് ചെത്ത് സഹകരണ സംഘം), രാജീവൻ (ബഹറിൻ), അജിത്ത് (ബഹറിൻ). മരുമക്കൾ: വി.കെ. തമ്പാൻ (പാണപ്പുഴ), മാധവൻ (റിട്ട. എഫ്.സി.ഐ, ചെന്നൈ), ലേഖ (മാനേജർ കടന്നപ്പള്ളി പാണപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ഏര്യം), ഉണ്ണികൃഷ്ണൻ (പാണപ്പുഴ), സജിന (കാർഷിക ഗ്രാമീണ വികസന ബാങ്ക് പയ്യന്നൂർ), ദിവ്യ (കക്കറ). സംസ്കാരം നാളെ ഉച്ചക്ക് രണ്ട് മണിക്ക് പാണപ്പുഴ പൊതുശ്മശാനത്തിൽ.



### മാധവി അമ്മ

ആലക്കോട്: അരംഗത്തെ പരേതനായ പള്ളിപ്പുറത്ത് കൃഷ്ണന്റെ ഭാര്യ മാധവി അമ്മ (90) നിര്യാതയായി. കാർത്തികപുരം എരുത്താമട സ്വദേശിയാണ്. മക്കൾ: മോഹൻദാസ് (കാസർക്കോട്), മാധുരി (കോട്ടയം), പ്രകാശ് (മംഗലാപുരം), പൊന്നി, കലാവതി (കാസർക്കോട്), രജനി (കോട്ടയം). മരുമക്കൾ: സതി, അമ്പിളി, തമ്പി, ഗംഗാധരൻ, കാർത്തികേയൻ.



### പാർവതി അമ്മ

ആലക്കോട്: തിമിരി ഏളയാട്ടെ പരേതനായ കോളിയാടൻ കുഞ്ഞിരാമൻ നമ്പ്യാരുടെ ഭാര്യ പാർവതി അമ്മ (78) നിര്യാതയായി. വെള്ളോറ വയലപ്ര കുടുംബാംഗമാണ്. മക്കൾ: രവീന്ദ്രൻ, ഇന്ദിര, ഉഷ. മരുമക്കൾ: അച്യുതൻ, മുരളീധരൻ, വത്സല. സഹോദരങ്ങൾ: നാരായണൻ നമ്പ്യാർ (റിട്ട. ലേബർ ഓഫീസ്, പയ്യന്നൂർ), രാഘവൻ നമ്പ്യാർ (റിട്ട. കെ.എസ്.ഇ.ബി തളിപ്പറമ്പ), പരേതനായ പി.വി.കുഞ്ഞിക്കണ്ണൻ നമ്പ്യാർ.

## ജയരാജനെതിരെ തുടരന്വേഷണത്തിന് അനുമതി

തിരുവനന്തപുരം: ബന്ധുനിയമനത്തിൽ ഇ.പി. ജയരാജനെതിരെ തുടരന്വേഷണത്തിന് വിജിലൻസ് കോടതി അനുമതി നൽകി. ഇതുസംബന്ധിച്ച് വിജിലൻസ് സമർപ്പിച്ച എഫ്.ഐ.ആർ. കോടതി സ്വീകരിച്ചു.


നിങ്ങളുടെ വീടിന്റെ സുരക്ഷിതത്വം ഞങ്ങളിൽ നിന്നും തുടങ്ങട്ടെ

എല്ലാവിധ വിദേശ–നാടൻ മരങ്ങളുടെ ഉരുപ്പടികളും വാസ്തുശാസ്ത്ര പ്രകാരമുള്ള കട്ടിള, ജനൽ, ഡോർ, ജനൽ ഫ്രെയിമുകൾ എന്നിവയുടെ വിപുല ശേഖരവുമായി ...

കട്ടിള ₹3750
3 പാളി ജനൽ ₹9350

സോന വുഡ്
ചിറവക്ക്, തളിപ്പറമ്പ്
Mob: 8592888005, 8592888009

FREE ഹോം ഡെലിവറി


Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 74 RNI Reg.No.KER MAL/2007/22043